പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 7620

15.07.2014 ലെ മറുപടിയ്ക്ക്

**"തീരദേശ പരിപാലന പദ്ധതി മുഖേനയുണ്ടാകുന്ന ബുദ്ധിമുട്ടുകൾ"**

**ചോദ്യം**

**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :**
**ശ്രീ. അൻവർ സാദത്ത് :**
**ശ്രീ. ആർ. സെൽവരാജ് :**
**ശ്രീ. ഹൈബി ഈഡൻ :**

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ;

**ഉത്തരം**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

(എ) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 1991 ഫെബ്രുവരി 19-ന് പുറത്തിറക്കിയ തീരദേശ പരിപാലന വിജ്ഞാപനം എല്ലാ തീരദേശ സംസ്ഥാനങ്ങളും നടപ്പിൽ വരുത്തുവാൻ ബാധ്യസ്ഥമാണ്. 1991-ലെ വിജ്ഞാപന പ്രകാരം സമുദ്രത്തിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്ററും, വേലിയേറ്റ- വേലിയിറക്ക രേഖയുടെ ഇടയിലുള്ള സ്ഥലവും നിയന്ത്രണ മേഖലയായി പ്രഖ്യാപിക്കപ്പെട്ടിരി ക്കുകയാണ്. സമുദ്രത്തിൽ നിന്ന് വേലിയേറ്റ സ്വാധീനമുള്ള പുഴകൾ, കായലുകൾ എന്നിവയുടെ വേലിയേറ്റ രേഖയിൽ നിന്നും പരമാവധി 100 മീറ്റർ കരയിലേയ്ക്ക് നിയന്ത്രണ മേഖലയാണ്. ഈ നിയന്ത്രണ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. പിന്നീട് ജനുവരി-6-2011-ൽ തീരദേശ വിജ്ഞാപനം കാര്യമായ മാറ്റങ്ങൾ വരുത്തി സമുദ്രവും അടിത്തട്ടും, വേലിയേറ്റ സ്വാധീനമുള്ള പുഴകളെയും, കായലുകളെയും അതിന്റെ അടിത്തട്ടും കൂടി നിയന്ത്രണ പരിധിക്കകത്ത് ഉൾപ്പെടുത്തി കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനമിറക്കി.

തീരദേശ പരിപാലന വിജ്ഞാപനം അനുസരിച്ച് ഓരോ സംസ്ഥാനങ്ങളും തങ്ങളുടെ തീരദേശ പരിപാലന മേഖല വിശദമാക്കുന്ന തീരദേശ പരിപാലന പദ്ധതി (CZMP – Coastal Zone Management Plan) തയ്യാറാക്കേണ്ടതുണ്ട്. 1991-ലെ തീരദേശ പരിപാലന വിജ്ഞാപനം

അനുസരിച്ചുള്ള CZMP ആണ് ഇപ്പോൾ സംസ്ഥാനത്ത് നിലനിൽക്കുന്നത്. 2011-ലെ തീരദേശ പരിപാലന വിജ്ഞാപനം അനുസരിച്ചുള്ള CZMP തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതു കൂടാതെ ഒരു സംയോജിത തീരദേശ പരിപാലന പദ്ധതി നടപ്പിലാക്കുന്നതിനായി സാമ്പത്തിക സഹായം അനുവദിക്കുവാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് പ്രൊജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) തീരപ്രദേശങ്ങളുടെ സംരക്ഷണമാണ് തീരദേശ പരിപാലന നിയമങ്ങളുടെ പൊതു ലക്ഷ്യമെങ്കിലും 2011-ലെ വിജ്ഞാപനത്തിൽ വ്യക്തമായ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>1) മത്സ്യ ബന്ധനത്തിലേർപ്പെട്ടിരുക്കുന്ന വിഭാഗത്തിനും തീരദേശത്ത് അധിവസിക്കുന്ന വിഭാഗങ്ങളുടെയും ജീവിതോപാധികളുടെ സംരക്ഷണം ഉറപ്പു വരുത്തുക.<br>2) തീരദേശ മേഖലകളുടെ നിലനിൽപ്പും സംരക്ഷണവും ശാസ്ത്രീയ അടിത്തറയോടുകൂടിയ സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുക.<br>3) തീരദേശത്തുള്ള പ്രകൃതി വിപത്തുകളെയും ആഗോള താപനം മൂലമുണ്ടാകുന്ന സമുദ്ര ജലവിതാനത്തിന്റെ ഉയർച്ചയും കണക്കിലെടുത്തുകൊണ്ട് ശാസ്ത്രീയ അടിത്തറയോടുകൂടിയ സുസ്ഥിര വികസനത്തെ പ്രോത്സാഹിപ്പിക്കുക.<br>4) തീരദേശ പ്രദേശങ്ങൾ അടങ്ങിയ സമുദ്രങ്ങളെയും, നദികളെയും, കായലുകളെയും മാലിന്യ വിമുക്തമാക്കി വികസനം ത്വരിതപ്പെടുത്തുക.<br>5) തീരദേശ വിജ്ഞാപനത്തിന്റെ നടത്തിപ്പിനായി സംസ്ഥാനത്ത് ഒരു തീരദേശ പരിപാലന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റി ശാസ്ത്ര സാങ്കേതിക വകുപ്പിൽ തിരുവനന്തപുരം പട്ടത്തുള്ള ശാസ്ത്രഭവനിൽ പ്രവർത്തിച്ചുവരുന്നു. |
| (സി) എന്തെല്ലാം ധനസഹായമാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) തീരദേശ പരിപാലന പദ്ധതി (CZMP) തയ്യാറാക്കുന്നതിനായി പ്രത്യേക ധനസഹായമൊന്നും ലഭ്യമായിട്ടില്ല. തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ Grant-in-aid കൊണ്ടാണ് നടത്തുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് |

നടത്തുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി തേടുമ്പോൾ ഈടാക്കുന്ന Scrutiny fee സർക്കാരിലേയ്ക്ക് ട്രഷറിയിൽ ഒടുക്കുകയാണ് ചെയ്യുന്നത്.

(ഡി) പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന തീരദേശ നിയന്ത്രണങ്ങൾ മൂലം ബന്ധപ്പെട്ടവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) വ്യാപകമായ ബോധവൽക്കരണവും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെയും പൊതുജനങ്ങളെയും ഉദ്ദേശിച്ചുകൊണ്ട് പരിശീലനവും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തുന്നു. കൂടാതെ തീരദേശ ജില്ലകളിൽ തീരദേശ പരിപാലന വിജ്ഞാപനം കൃത്യമായി നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ തീരദേശ അതോറിറ്റി ജില്ലകളിലെ ജില്ലാ മജിസ്ട്രേറ്റ്/ജില്ലാ കളക്ടർ അദ്ധ്യക്ഷനായി തീരദേശ അതോറിറ്റി [illegible] ജില്ലാതല സമിതികളെയും രൂപീകരിച്ചിട്ടുണ്ട്. വാർത്താ മാധ്യമങ്ങൾ തീരദേശ പരിപാലനങ്ങളെ കുറിച്ചുള്ള വാർത്തകൾ നൽകിവരുന്നുണ്ട്. കൂടാതെ തീരദേശ പരിപാലന നിയമം നടപ്പിലാക്കുമ്പോൾ മത്സ്യ തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഉണ്ടാകുന്ന ചില ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഇളവുകൾ തേടി കേന്ദ്ര വനം-പരിസ്ഥി മന്ത്രാലയത്തിന് ബഹു. മുഖ്യമന്ത്രി നിവേദനം നൽകിയിട്ടുണ്ട്. പ്രസ്തുത നിവേദനം സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ പരിഗണനയ്ക്കായി കേന്ദ്ര സർക്കാർ അയച്ചുതരുകയും ആയത് അതോറിറ്റി ശുപാർശ ചെയ്ത് വീണ്ടും കേന്ദ്ര സർക്കാരിലേയ്ക്ക് പരിഗണനയ്ക്കായി നൽകുകയും ചെയ്തിട്ടുണ്ട്.

ജോയിന്റ് സെക്രട്ടറി